## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1081** — **30.10.2019 ൽ മറുപടിക്ക്**

## ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികൾക്കായി പുതിയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും വേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;<br>(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി എത്ര തുക കോർപ്പറേഷൻ കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (എ) യും (ബി) യും വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷൻ സമൂഹത്തിലെ താഴെത്തട്ടിലുള്ള ഈറ്റ വെട്ട് - പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികളുടെ ഉന്നമനവും, ഗോത്രമേഖലയിലെ തൊഴിലാളികളുടെ പുരോഗതിയും, സാമൂഹ്യ സുരക്ഷിതത്വവും ലക്ഷ്യമിട്ട് 1971-ൽ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമാണ്. പരമ്പരാഗത വ്യവസായത്തിൽപ്പെട്ട ഈറ്റ, പനമ്പ് നെയ്ത്തുതൊഴിലാളികളെ സംരക്ഷിയ്ക്കുന്നതിന് താഴെ വിവരിക്കുന്ന വിധത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്<br><br>1. പരമ്പരാഗത ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 08/05/2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്.<br>2. ഈറ്റ സുലഭമായി ലഭ്യമാക്കുന്നതിനായി സെപ്റ്റംബർ 2018 മുതൽ ഈറ്റ ശേഖരിക്കാൻ വേണ്ട അനുമതി സർക്കാർ ലഭ്യമാക്കി. അതുവഴി തൊഴിലാളികൾക്ക് മുടക്കം കൂടാതെ ഈറ്റ നൽകുവാൻ കഴിഞ്ഞു.<br>3. തൊഴിലാളികൾക്ക് പനമ്പിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചു നൽകി.<br>4. നെയ്ത്ത് തൊഴിലാളികൾക്ക് ഡി എ കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ടായിരുന്ന 1 കോടി 67 ലക്ഷം |

രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നൽകി.

5. പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ' വിജയമായതോടെ അവയുടെ എണ്ണം വർദ്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി അങ്കമാലി മേഖലയിലും, തിരുവനന്തപുരം മേഖലയിലും സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചു. ഇത് പരമ്പരാഗത തൊഴിൽ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ചെറുപ്പക്കാരെ ഈ തൊഴിലിലേക്ക് ആകർഷിക്കുന്നതിനും സഹായിച്ചു.

6. ഈറ്റയിൽ നിന്നും അളി കീറി പനമ്പുനെയ്യേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ മൂലം ഈ മേഖലയിൽ നിന്നും മാറി നിൽക്കുന്ന തൊഴിലാളികളെ തിരിച്ചു കൊണ്ടു വരുന്നതിനായി അത്തരക്കാർക്ക് ആവശ്യാനുസരണം പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അങ്കമാലിയിലും, പെരുമ്പാവൂർ വല്ലത്തും അളിവിതരണ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി

7. പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും പുതിയ തലമുറയെ പനമ്പ് നെയ്ത്ത് പഠിപ്പിക്കുന്നതിനും, കരകൗശല വസ്തുക്കൾ നിർമിക്കുന്നതിനുള്ള പരിശീലനം നൽകുകയും വിവിധ ബാച്ചുകളിലായി 200 പേർക്ക് ജോലി ലഭ്യമാക്കുവാനും സാധിച്ചു.

Radhakrishnan

സെക്ഷൻ ഓഫീസർ